ശമീർ മദീനി

## ഏഴ് (b)

# ദഅ്വത്തിന്റെ രീതിശാസ്ത്രം

ജയിൽവാസത്തിനിടയിൽ തൻെറ സുഹൃത്തുക്കളോട് യൂസുഫ് നബി (ﷺ) പ്രഥമമായി പറഞ്ഞതും ഈ അടിസ്ഥാന സംഗതി തന്നെയായിരുന്നു.

وَدَخَلَ مَعَهُ ٱلسِّجْنَ فَتَيَانِ ۖ قَالَ أَحَدُهُمَآ إِنِّىٓ أَرَىٰنِىٓ أَعْصِرُ
خَمْرًا ۖ وَقَالَ ٱلْءَاخَرُ إِنِّىٓ أَرَىٰنِىٓ أَحْمِلُ فَوْقَ رَأْسِى خُبْزًا تَأْكُلُ
ٱلطَّيْرُ مِنْهُ ۖ نَبِّئْنَا بِتَأْوِيلِهِۦٓ ۖ إِنَّا نَرَىٰكَ مِنَ ٱلْمُحْسِنِينَ ۝
قَالَ لَا يَأْتِيكُمَا طَعَامٌ تُرْزَقَانِهِۦٓ إِلَّا نَبَّأْتُكُمَا بِتَأْوِيلِهِۦ قَبْلَ
أَن يَأْتِيَكُمَا ۚ ذَٰلِكُمَا مِمَّا عَلَّمَنِى رَبِّىٓ ۚ إِنِّى تَرَكْتُ مِلَّةَ قَوْمٍ
لَّا يُؤْمِنُونَ بِٱللَّهِ وَهُم بِٱلْءَاخِرَةِ هُمْ كَٰفِرُونَ ۝ وَٱتَّبَعْتُ مِلَّةَ
ءَابَآءِىٓ إِبْرَٰهِيمَ وَإِسْحَٰقَ وَيَعْقُوبَ ۚ مَا كَانَ لَنَآ أَن
نُّشْرِكَ بِٱللَّهِ مِن شَىْءٍ ۚ ذَٰلِكَ مِن فَضْلِ ٱللَّهِ عَلَيْنَا وَعَلَى
ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَشْكُرُونَ ۝ يَٰصَىٰحِبَىِ
ٱلسِّجْنِ ءَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ ٱللَّهُ ٱلْوَٰحِدُ ٱلْقَهَّارُ
۝ مَا تَعْبُدُونَ مِن دُونِهِۦٓ إِلَّآ أَسْمَآءً سَمَّيْتُمُوهَآ أَنتُمْ
وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ
أَمَرَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ
ٱلنَّاسِ لَا يَعْلَمُونَ

"അവനോടൊപ്പം രണ്ട് യുവാക്കളും ജയിലിൽ പ്രവേശിച്ചു. അവരിൽ ഒരാൾ പറഞ്ഞു: ഞാൻ വീഞ്ഞ് പിഴിഞ്ഞെടുക്കുന്നതായി സ്വപ്നം കാണുന്നു. മറ്റൊരാൾ പറഞ്ഞു: ഞാൻ എൻെറ തലയിൽ റൊട്ടി ചുമക്കുകയും, എന്നിട്ട് അതിൽനിന്ന് പറവകൾ തിന്നുകയും ചെയ്യുന്നതായി സ്വപ്നംകാണുന്നു. ഞങ്ങൾക്ക് താങ്കൾ അതിൻെറ വ്യാഖ്യാനം വിവരിച്ചുതരൂ. തീർച്ചയായും ഞങ്ങൾ താങ്കളെ കാണുന്നത്

സദ്‌വൃത്തരിൽ ഒരാളായിട്ടാണ്. അവൻ (യൂസുഫ്) പറഞ്ഞു: നിങ്ങൾക്ക് (കൊണ്ടുവന്ന്) നൽകപ്പെടാറുള്ള ഭക്ഷണം നിങ്ങൾക്ക് വന്നെത്തുന്നതിന്റെ മുമ്പായി അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ച് തരാതിരിക്കുകയില്ല. എന്റെ രക്ഷിതാവ് എനിക്ക് പഠിപ്പിച്ചുതന്നതിൽപെട്ടതത്രെ അത്. അല്ലാഹുവിൽ വിശ്വസിക്കാത്തവരും, പരലോകത്തെ നിഷേധിക്കുന്നവരുമായിട്ടുള്ളവരുടെ മാർഗം തീർച്ചയായും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. എന്റെ പിതാക്കളായ ഇബ്‌റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടുള്ളതല്ല. ഞങ്ങൾക്കും മനുഷ്യർക്കും അല്ലാഹു നൽകിയ അനുഗ്രഹത്തിൽപെട്ടതത്രെ അത് (സന്മാർഗം). പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല. ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവാധികാരിയുമായ അല്ലാഹുവാണോ? അവന്ന് പുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല. വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കല്പിച്ചിരിക്കുന്നു. വക്രതയില്ലാത്തമതം അതത്രെ. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (12:36-40).

മുആദ്ബ്നു ജബൽ(﵁)വിനെ ദഅ്‌വത്തിനായി പറഞ്ഞയച്ചപ്പോൾ നബി(ﷺ)യും ഈ മുൻഗണനാക്രമം ഉണർത്തിയത് ഹദീഥുകളിൽ നമുക്ക് കാണാവുന്നതാണ്.

മുആദ്(﵁)പറയുന്നു: നബി(ﷺ) എന്നെ (ദഅ്‌വത്തിനായി യമനിലേക്ക്) അയച്ചുകൊണ്ട് പറഞ്ഞു:

أَنَّ مُعَاذًا قَالَ بَعَثَنِي رَسُولُ اللَّهِ صَلَّى اللَّه عَلَيْهِ وَسَلَّمَ قَالَ: إِنَّكَ تَأْتِي قَوْمًا مِنْ أَهْلِ الْكِتَابِ فَادْعُهُمْ إِلَى شَهَادَةِ أَنْ لَا إِلَهَ إِلَّا اللَّهُ وَأَنِّي رَسُولُ اللَّهِ فَإِنْ هُمْ أَطَاعُوا لِذَلِكَ فَأَعْلِمْهُمْ أَنَّ اللَّهَ افْتَرَضَ عَلَيْهِمْ خَمْسَ صَلَوَاتٍ فِي كُلِّ يَوْمٍ وَلَيْلَةٍ فَإِنْ هُمْ أَطَاعُوا لِذَلِكَ فَأَعْلِمْهُمْ أَنَّ اللَّهَ افْتَرَضَ عَلَيْهِمْ صَدَقَةً تُؤْخَذُ مِنْ أَغْنِيَائِهِمْ فَتُرَدُّ فِي فُقَرَائِهِمْ .........

(البخاري ,ومسلم)

"നീ വേദക്കാരിൽപെട്ട ഒരു വിഭാഗത്തിലേക്കാണ് പോകുന്നത്. അതിനാൽ നീ അവരെ ആദ്യമായി ക്ഷണിക്കേണ്ടത് ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സത്യസാക്ഷ്യത്തിലേക്കാണ്. അവർ അത് അനുസരിച്ചാൽ രാത്രിയും പകലുമായി അഞ്ചുനേരത്തെ നമസ്കാരം

അല്ലാഹു അവർക്ക് നിർബന്ധമാക്കിയിട്ടുണ്ടെന്ന് അറിയിക്കുക. അതും അവർ അനുസരിച്ചാൽ ധനികരിൽനിന്ന് സ്വീകരിച്ച് ദരിദ്രർക്കിടയിൽ വിതരണം ചെയ്യേണ്ടുന്ന നിർബന്ധദാനം (സക്കാത്ത്) അവർക്ക് അല്ലാഹു ബാധ്യതയാക്കിയിട്ടുണ്ടെന്ന് അറിയിക്കുക......" (ബുഖാരി, മുസ്‌ലിം).

പ്രവാചകന്മാരുടെ പ്രബോധനത്തിൽ വ്യത്യസ്ത ശൈലികളും രീതികളും നമുക്ക് കാണാൻ കഴിയുമെങ്കിലും ഈ രീതിശാസ്ത്രത്തിൽ (മൻഹജിൽ) മാറ്റമുള്ളതായി കാണാൻ കഴിയുകയില്ല. നൂഹ് നബിയുടെ വ്യത്യസ്ത ശൈലി ഖുർആനിൽ പരാമർശിക്കുന്നുണ്ട്:

قَالَ رَبِّ إِنِّي دَعَوْتُ قَوْمِي لَيْلًا وَنَهَارًا ۝ فَلَمْ يَزِدْهُمْ دُعَآءِيَ إِلَّا فِرَارًا ۝ وَإِنِّي كُلَّمَا دَعَوْتُهُمْ لِتَغْفِرَ لَهُمْ جَعَلُوٓا۟ أَصَـٰبِعَهُمْ فِيٓ ءَاذَانِهِمْ وَٱسْتَغْشَوْا۟ ثِيَابَهُمْ وَأَصَرُّوا۟ وَٱسْتَكْبَرُوا۟ ٱسْتِكْبَارًا ۝ ثُمَّ إِنِّي دَعَوْتُهُمْ جِهَارًا ۝ ثُمَّ إِنِّيٓ أَعْلَنتُ لَهُمْ وَأَسْرَرْتُ لَهُمْ إِسْرَارًا ۝ فَقُلْتُ ٱسْتَغْفِرُوا۟ رَبَّكُمْ إِنَّهُۥ كَانَ غَفَّارًا

"അദ്ദേഹം പറഞ്ഞു: എൻെറ രക്ഷിതാവേ, തീർച്ചയായും എൻെറ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എൻെറ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളു. തീർച്ചയായും, നീ അവർക്ക് പൊറുത്ത് കൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽവെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും അവർ ശഠിച്ചു നിൽക്കുകയും, കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്. പിന്നീട് ഞാൻ അവരെ ഉറക്കെ വിളിച്ചു. പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു" (71:5-10).

അതേപോലെ ഇബ്റാഹീം നബി(ﷺ) വിഗ്രഹാരാധകനായ തൻെറ പിതാവിനെ ഉപദേശിച്ച ശൈലിയും സൂര്യചന്ദ്രാദി നക്ഷത്രങ്ങളെ ആരാധിച്ച ജനങ്ങളോട് സംസാരിച്ച രീതിയും ധിക്കാരിയും സ്വേഛാധിപതിയുമായ നംറൂദിൻെറ മുമ്പിൽ സംവദിച്ച രൂപയും ഒരുപോലെയായിരുന്നില്ല. പക്ഷേ, അവിടെയൊക്കെയും മാറ്റമില്ലാതെ അനുവർത്തിച്ച ഒരു രീതിശാസ്ത്രം നമുക്ക് കാണാവുന്നതാണ്.

അപ്പോൾ, ദഅ്വത്തിൻെറ അജണ്ടയിൽ തൗഹീദിനാണ് പ്രഥമസ്ഥാനം. അതിന് വിരുദ്ധമായി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഏർപെടുന്നവരും ഭരണ-രാഷ്ട്രീയ മേഖലകളിൽ ശ്രദ്ധയൂന്നുന്നവരും തൗഹീദിൽ ശ്രദ്ധയൂന്നാതെ മറ്റു നന്മകളിലേക്ക് ക്ഷണിക്കുന്നവരും പ്രവാചകന്മാരുടെ പ്രബോധനത്തിൻെറ രീതിശാസ്ത്രം അവഗണിച്ചവരും ദഅ്വത്തിൻെറ മുൻഗണനാക്രമം തെറ്റിച്ചവരുമാണ്.

കഷ്ടപ്പെടുന്നവരെ സഹായിക്കുക പട്ടിണിയും ദാരിദ്രവും അകറ്റാൻ യത്നിക്കുക, രോഗികളെയും അപകടത്തിൽ പെട്ടവരെയും രക്ഷിക്കുക എന്നതൊക്കെ ഒരു വിശ്വാസിയെന്ന നിലയിൽ തന്നെ ഓരോരുത്തരും കഴിവനുസരിച്ച് ചെയ്യേണ്ടുന്ന ബാധ്യതകളാണ്. അതിന് പ്രത്യേകം യൂണിഫോമുകൾ ധരിച്ച് ആരുടെയും അംഗീകാരം നേടേണ്ടതിന്റെ ആവശ്യമില്ല. ഇസ്‌ലാം പഠിപ്പിച്ച 'ഇഖ്‌ലാസ്' എന്ന ഉൽകൃഷ്ട ഗുണത്തിനെതിരുമാണത്. ആദർശം മറച്ചുവെച്ച് സാമൂഹ്യ സേവനത്തിന്റെ വർണകടലാസിൽ അത് തിരുകി കയറ്റേണ്ട ഗതികേട് ഇസ്‌ലാമിനില്ല.

فَٱصۡدَعۡ بِمَا تُؤۡمَرُ وَأَعۡرِضۡ عَنِ ٱلۡمُشۡرِكِينَ

"അതിനാൽ നീ കൽപിക്കപ്പെടുന്നതന്തോ അത് ഉറക്കെ പ്രഖ്യാപിച്ചുകൊള്ളുക. ബഹുദൈവ വാദികളിൽ നിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക." (15:94)

സാമൂഹ്യസേവനപ്രവർത്തനങ്ങളുടെ വർണ്ണക്കടലാസിൽ പൊതിഞ്ഞ് ആദർശത്തെ അവതരിപ്പിക്കുന്നവരാണ് ക്രൈസ്തവ മിഷണറിമാർ. ത്രിയേകത്വത്തെപ്പോലെയുള്ള വികൃതമായ ആശയങ്ങൾ മനുഷ്യധിഷണയുടെ മുമ്പിൽ തുറന്ന് വെക്കാൻ കഴിയാത്തതുകൊണ്ടാണിത്. പ്രമാണങ്ങളുടെ വെളിച്ചത്തിൽ മനുഷ്യ ധിഷണയോട് സംവദി ക്കാൻ കെൽപ്പുള്ള ഇസ്‌ലാമിന് ഇക്കാര്യത്തിൽ ക്രൈസ്തവ മിഷണറിമാരെ മാതൃകയാക്കേണ്ടതിന്റെ ആവശ്യവുമില്ല. ദഅ്വത്ത് നടത്തേണ്ടതെങ്ങനെയാണെന്ന് ഖുർആനും സുന്നത്തും തന്നെ കൃത്യമായി പഠിപ്പിക്കുന്നു.

അതിനാൽ പ്രബോധകർ സ്വീകാര്യതയുടെ പേര് പറഞ്ഞോ നേരിട്ടേക്കാവുന്ന വിഷമതകളെക്കുറിച്ച് ഉത്കണ്ഠാകുലരായിക്കൊണ്ടോ ആ രീതിശാസ്ത്രത്തിന് (മൻഹജിൽ) മാറ്റംവരുത്താവതല്ല. എന്നാൽ പ്രബോധനത്തിൻെറ ശൈലിയും രീതിയും ഇസ്‌ലാമിക വിരുദ്ധമല്ലാത്ത തരത്തിൽ രൂപപ്പെടുത്താവുന്നതാണ്.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجۡعَل لَّكُمۡ فُرۡقَانٗا وَيُكَفِّرۡ عَنكُمۡ سَيِّـَٔاتِكُمۡ وَيَغۡفِرۡ لَكُمۡۗ وَٱللَّهُ ذُو ٱلۡفَضۡلِ ٱلۡعَظِيمِ

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിന്മകൾ മറച്ചുകളയുകയും നിങ്ങൾക്ക് പൊറുത്ത് തരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു"(8:29)